# തൊടുപുഴ അർബൻ സഹകരണ ബാങ്ക്

**ക്ലിപ്തം നമ്പർ. 394**

**തൊടുപുഴ.പി.ഒ., തൊടുപുഴ. ഫോൺ: 04862 222593, 226020**

Email: urbantdpa@thodupuzhaurbanbank.com, website: thodupuzhaurbanbank.com

## വസ്തു ലേല പരസ്യം

തൊടുപുഴ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 394-ൽ പണയപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന സ്ഥാവര വസ്തുക്കൾ SARFAESI ACT 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗ സ്ഥൻ പ്രത്യേകമായി കൈവശപ്പെടുത്തിയിട്ടുള്ളതാണ്. താഴെ പറഞ്ഞിരിക്കുന്ന വായ്പ്പക്കാർ/ജാമ്യക്കാ രിൽ നിന്നും ബാങ്കിന് ലഭിക്കാനുള്ള തുകയും പലിശയും മറ്റു ചെലവുകളും ഈടാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന വസ്തുക്കൾ **2025 ജൂലൈ മാസം 10-ാം തിയതി രാവിലെ 11 മണിക്ക്** ബാങ്കിന്റെ ഹെഡ് ആഫീസിൽ വെച്ച് ക്വട്ടേഷൻ/ലേലം വഴി വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ക്വട്ടേഷനിൽ പങ്കെ ടുക്കുന്നവർ വസ്തു കണ്ടു ബോദ്ധ്യപ്പെട്ടതായി കണക്കാക്കുന്നതും ആയത് ഇപ്പോൾ "എങ്ങനെയാണോ ഉള്ളത് ആ അവസ്ഥയിൽ" വസ്തു വാങ്ങേണ്ടതും ആണ്. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖകൾ കൊണ്ടുവരേണ്ടതും, അന്നേദിവസം **11 am** ന് മുമ്പായി 50,000/- രൂപ ഡെപ്പോസിറ്റ് അടക്കേണ്ട തുമാണ്. കൂടിയ തുക ക്വോട്ടു ചെയ്യുന്ന ആളുടെ പേർക്ക് വിൽപ്പന താൽക്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ 25% തുക അന്നേ ദിവസം തന്നെ അടയ്ക്കേണ്ടതുമാണ്. ബാക്കി 75% തുക ബാങ്കിന്റെ ഭരണസമിതി തീരുമാനം അനുകൂലമെങ്കിൽ **15** ദിവസത്തിനകം അടവാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് ഹെഡാഫീസുമായി ബന്ധപ്പെടുക.

തൊടുപുഴ,
04.06.2025.

ഒപ്പ്
Authorised Officer

| ക്രമ നമ്പർ | വായ്പക്കാരുടെ / ഈടുവസ്തു ഉടമസ്ഥരുടെ പേരും മേൽവിലാസവും | വായ്പാ നമ്പർ | ഈടാക്കുവാനുള്ള തുക | റിസർവ്വ് തുക | വസ്തു വിവരം |
|---|---|---|---|---|---|
| 1 | **1. ഗ്ലോബൽ എഡ്യുക്കേഷണൽ ട്രസ്റ്റ് ഗ്ലോബൽ ഇന്ത്യൻ പബ്ലിക് സ്കൂൾ ബിൽഡിംഗ് കോടിക്കുളം പി.ഒ., കോടിക്കുളം**<br>മാനേജിംഗ് ട്രസ്റ്റി:- ഷാർലറ്റ് റ്റി.ജെ തടത്തിൽ വീട്, തടിയമ്പാട് പി.ഒ. വാഴത്തോപ്പ്<br>സെക്രട്ടറി:- സാബു മാത്യു രാമച്ചനാട്ട് വീട്, തട്ടാരത്തട്ട പി.ഒ. കരിങ്കുന്നം<br>ഡയറക്ടേഴ്സ്:- ഒസേപ്പ് ജോൺ പുളിമൂട്ടിൽ വീട് തൊടുപുഴ പി.ഒ., ഒളമറ്റം<br>പി.വിൻസെന്റ് തോമസ് പുത്തിരി, തൊടുപുഴ<br>ശരത് യു.നായർ മണ്ഡപത്തിൽ, കോലാനി<br>ട്രഷറർ:- റോയി കെ.പോൾ കൊടക്കത്താനത്ത് വീട് പെരുമ്പിള്ളിച്ചിറ<br>**2. ഗ്ലോവെൽ എഡ്യുകെയർ പ്രൈവറ്റ് ലിമിറ്റഡ്, പുളിമൂട്ടിൽ ആർക്കേഡ്, തൊടുപുഴ പി.ഒ.**<br>ചെയർമാൻ:- സണ്ണി പോൾ കൊടക്കത്താനത്ത് വീട് പെരുമ്പിള്ളിച്ചിറ, കുമാരമംഗലം<br>മാനേജിംഗ് ഡയറക്ടർ:- ജെയിംസ് പി.പോൾ പൂവത്തിങ്കൽ, തൊടുപുഴ ഈസ്റ്റ് പി.ഒ.<br>ഡയറക്ടേഴ്സ്:- വിനോദ് റ്റി.തോമസ് തോണിക്കുഴിയിൽ, തൊടുപുഴ പി.ഒ., ഒളമറ്റം<br>രാജു ജോസഫ്, തുറയ്ക്കൽ മുതലക്കോടം പി.ഒ.<br>മനീഷ് സി.സ്കറിയ, ചിരതലാട്ട് വെങ്ങല്ലൂർ പി.ഒ.<br>സാന്റി മാത്യു, മാടപ്പാട്ട് മുതലക്കോടം പി.ഒ.<br>സുരേഷ്കുമാർ കെ.ജി. കാട്ടാംപിള്ളിൽ, തൊടുപുഴ പി.ഒ. ഒളമറ്റം | OD - 239<br>OD - 338<br>(തൊടുപുഴ മെയിൻ ബ്രാഞ്ച്) | **87,00,000** | **7,81,00,000** | ഇടുക്കി ജില്ലയിൽ, തൊടുപുഴ താലൂക്കിൽ കോടിക്കുളം വില്ലേജിൽ ഗ്ലോവെൽ എഡ്യുകെയർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കുവേണ്ടി ഈ വില്ലേജിൽ കാപ്പിൽ പുത്തൻപുരയ്ക്കൽ എന്നുകൂടി വീട്ടുപേരുള്ള കാപ്പിൽ ജോസഫ് മകൻ തോമസ് ജോസഫ് വക സർവ്വേ നമ്പർ 195/6-1, 195/7-1, 195/8-1, 195/2-2 ൽ ഉൾപ്പെട്ട 142.25 (32.01+24.85+23.47+61.92) ആർ സ്ഥലവും കെട്ടിടവും |

## ദർഘാസ്/ലേല വിൽപ്പനയുടെ വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നിരത ദ്രവ്യമായി രൂ.50,000- ( അൻപതിനായിരം രൂപ മാത്രം) അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ ലേലം ആരംഭിക്കുന്നതിനു മുൻപായി അടയ്ക്കേണ്ടതാണ്.

2. ടെണ്ടറുകൾ  ടെണ്ടർ ഫോർ പ്രോപ്പർട്ടി  എന്ന് എഴുതി ഒട്ടിച്ച കവറിൽ ലേല തീയതിയുടെ മുൻപുള്ള പ്രവർത്തി ദിവസം വൈകിട്ട് 5 മണിക്ക് മുൻപായി ഓഥറൈസ്ഡ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ( ടെണ്ടർ കവറുകൾ ലേല തീയതികളിൽ നിശ്ചിത സമയത്ത് ആരംഭിക്കുന്ന ലേലത്തിന് ശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ തുറക്കുന്നതും, കൂടുതൽ തുക ലേലം കൊണ്ടിട്ടുള്ള  അല്ലെങ്കിൽ ക്വട്ടേഷൻ നൽകിയിട്ടുള്ള വ്യക്തിക്ക് ഉറപ്പിച്ചു നൽകുന്നതുമാണ് .

3. വിൽപ്പന വസ്തുവിന്റെ ഇപ്പോഴിരിക്കുന്ന അതേ അവസ്ഥയിൽ ( As is where is and whatever there is condition ) ആയിരിക്കുന്നതും വിൽപ്പനയിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിനോ വസ്തുവിൽ ഉണ്ടായേക്കാവുന്ന നിയമപരമായ ബാദ്ധ്യതകൾക്കോ ബാങ്കിന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതും ആകുന്നു . ബാങ്കിന്റെ അറിവിൽ ഇപ്പോൾ ഇതിൻമേലുള്ള ബാദ്ധ്യത ബാങ്കിന് കിട്ടാനുള്ള പണം മാത്രമാകുന്നു.

4. വിൽപ്പന വസ്തു റിസർവ്വ് തുകയിൽ കുറച്ചു വിൽക്കുന്നതല്ലായിരിക്കും.

5. ലേലം/ടെണ്ടർ ഉറപ്പിക്കുന്ന പക്ഷം ലേലത്തിൽ വിജയിക്കുന്ന ആൾ അല്ലെങ്കിൽ കൂടുതൽ തുകക്ക് ടെണ്ടർ നൽകിയിട്ടുള്ള വ്യക്തി ലേലം/ടെണ്ടർ തുകയുടെ 25% തുകയിൽ നിന്നും നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുക ഉടനെ കെട്ടിവയ്ക്കേണ്ടതും ബാക്കി തുക 15 ദിവസത്തിനകം അടയ്ക്കേണ്ടതുമാണ്.ആയതിൽ വീഴ്ച വരുത്തിയാൽ ടിയാന് നിരതദ്രവ്യവും അടച്ച തുകയും നഷ്ടപ്പെടുന്നതും പ്രസ്തുത വസ്തു ഉടൻതന്നെ പുനർലേലം നടത്തുന്നതും ആയിരിക്കും . മറ്റുള്ള ലേലക്കാർക്ക് നിരതദ്രവ്യം തിരിച്ചുനൽകുന്നതുമായിരിക്കും .

6. ലേലത്തിൽ വിജയിക്കുന്ന ആൾ വസ്തുവിന്റെ കൈമാറ്റത്തിന് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, ടാക്സുകൾ മുതലായ ചെലവുകൾ സ്വയം വഹിക്കേണ്ടതാണ്.

7. വസ്തുവിന്റെ വിൽപ്പന ബാങ്കിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ടെണ്ടറുകൾ നിരസിക്കാനോ, ലേലം അസ്ഥിരപ്പെടുത്തുന്നതിനോ നീട്ടി വയ്ക്കുന്നതിനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. മുൻകൂട്ടി അറിയിച്ചതിനു ശേഷം എല്ലാപ്രവർത്തി ദിവസങ്ങളിലും പകൽ 10 മണിക്കും 5 മണിക്കും ഇടയിൽ വസ്തു വകകൾ പരിശോധിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്  അതാതു ശാഖാ മാനേജർമാരുമായോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുമായോ ബന്ധപ്പെടാവുന്നതാണ്.

9. ഉയർന്ന തുകയ്ക്ക് ലേലം കൊള്ളുകയും എന്നാൽ ടി തുകയുടെ 25% തത്സമയം അടയ്ക്കാതെയും വന്നാൽ നിരതദ്രവ്യം കണ്ടുകെട്ടുന്നതും വസ്തു ഉടൻതന്നെ പുനർലേലം നടത്തുന്നതുമാണ്.

10. ലേല ദിവസം ആകസ്മികമായി അവധി ദിവസം വരികയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ലേലം നടത്തുന്നതായിരിക്കും.